**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 606 — 04.02.2020-ലെ മറുപടിയ്ക്ക്

**<u>അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ളവയാണ്. ഇവയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിലും സ്ഥല ലഭ്യതക്കനുസരിച്ച് FIFA, IAAF, FIBA, FINA തുടങ്ങിയ അന്താരാഷ്ട്ര കായിക ഏജൻസികളുടെ മാനദണ്ഡ പ്രകാരമുള്ള കളിസ്ഥലങ്ങളായാണ് നിർമ്മിക്കുന്നത്. |
| (ബി) | ഓരോ പ്രൊപ്പോസലും ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

ചോദ്യം നം. 606

അനുബന്ധം – I

## കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ വിശദാംശം അടങ്ങുന്ന പട്ടിക

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | പ്രധാന നിർമ്മാണ പ്രവൃത്തികൾ | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (31.01.2020 വരെ) |
|---|---|---|---|---|
| ജില്ലാ സ്റ്റേഡിയം (14 എണ്ണം) | | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>ഫുട്ബോൾ ടർഫ്<br>8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക്<br>ഹോക്കി ഗ്രൗണ്ട് | സിവിൽ നിർമ്മാണ പ്രവൃത്തികൾ 18% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട്,<br>ഹോക്കി ടർഫ്,<br>ടെന്നീസ് കോർട്ട് | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>സ്വിമ്മിംഗ്പൂൾ | സിവിൽ നിർമ്മാണ പ്രവൃത്തികൾ 32% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 6 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | സ്വിമ്മിംഗ് പൂൾ<br>ഷൂട്ടിംങ്ങ് റേഞ്ച് | പദ്ധതി 22.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം,<br>8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക്<br>ഫുട്ബോൾ ഗ്രൗണ്ട് | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| 8 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>സ്വിമ്മിംഗ്പൂൾ | പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നു. |

[redacted]

| | | | | |
|---|---|---|---|---|
| 9 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>സ്വിമ്മിംഗ് പൂൾ<br>8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക് | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് M/s. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 10 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം<br>8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക് | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | - | സ്ഥലം സംബന്ധിച്ച് തീരുമാനമായിട്ടില്ല |
| 12 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | - | ചിങ്ങവനത്ത് നിർദ്ദിഷ്ഠ പദ്ധതി പ്രദേശം കായിക യുവജനകാര്യാലയ ത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. |
| 13 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | - | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| 14 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | - | പദ്ധതിക്കായി പരിഗണിച്ചിരുന്ന പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയം ലഭ്യമാകാത്തതിനാൽ പദ്ധതി കോന്നി മണ്ഡലത്തിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിനാവ ശ്യ മായ നടപടികൾ സ്വീകരിച്ചു വരുന്നു. |